LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാരിൽനിന്നും എടുത്തിട്ടുള്ള കടം

4 [316] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽനിന്നും ഓരോ വർഷവും എടുത്തിട്ടുള്ള കടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ പൊതുജനങ്ങളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുത്തത് എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, വിവിധ ബോർഡുകൾ എന്നിവയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക വീതം കടമെടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ)

	രൂപ കോടിയിൽ
2001-02 . .	780.70
2002-03 . .	1,192.86
2003-04* . .	968.17

(ബി) രൂപ കോടിയിൽ

	(2001-02)	(2002-03)	(2003-04*)
മാർക്കറ്റു ലോണുകൾ	966.05	1,237.30	1,930.63
എൽ.ഐ.സി.	360.92	425.00	440.00
ജി.ഐ.സി.	. .	65.90	40.00
നബാർഡ്	155.71	114.37	127.26
എൻ.സി.ഡി.സി.	65.78	42.50	87.09

(സി) ഈ സ്ഥാപനങ്ങളിൽനിന്നും സർക്കാർ കടമെടുത്തിട്ടില്ല.

എ.ഡി.ബി. വായ്പ

5 [317] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.-യിൽനിന്ന് ഇതിനകം എത്ര തുക സംസ്ഥാന സർക്കാർ വായ്പ ഇനത്തിൽ കൈപ്പറ്റി എന്ന് വ്യക്തമാക്കുമോ;

(ബി) തുക എന്നാണ് ലഭിച്ചത്;

---

* എ.ജി.-യുടെ താൽക്കാലിക കണക്കുകൾ പ്രകാരം.

(സി) ഇതുവരെ കൈപ്പറ്റിയ തുക ഏതെല്ലാം ഇനത്തിലാണ് ചെലവഴിച്ചത് എന്ന് വിശദമാക്കാമോ;

(ഡി) എ.ഡി.ബി.-യിൽനിന്ന് ആകെ എത്ര തുകയാണ് വായ്പയായി എടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ശേഷിക്കുന്ന തുക എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(എഫ്) സംസ്ഥാന സർക്കാരും എ.ഡി.ബി. പ്രതിനിധികളുമായി ഇക്കാര്യത്തിൽ നടന്ന ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) വായ്പതുക ചെലവാക്കുന്നത് സംബന്ധിച്ച് എ.ഡി.ബി.-യുമായി ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എ.ഡി.ബി.-യിൽ നിന്ന് നാളിതുവരെ 601.30 കോടി രൂപ അധിക കേന്ദ്ര സഹായമായി കേന്ദ്ര സർക്കാർ മുഖേന ലഭിച്ചിട്ടുണ്ട്.

(ബി) 2002 ഡിസംബർ മാസത്തിലാണ് ഇത് ലഭിച്ചത്.

(സി) പ്രസ്തുത തുക സംസ്ഥാന വിഹിതത്തോടൊപ്പം താഴെപ്പറയുന്ന ആവശ്യങ്ങൾക്കുവേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്; സംസ്ഥാന വൈദ്യുതി ബോർഡിന് 375 കോടി രൂപ നൽകിയിട്ടുണ്ട്. 300 കോടിയോളം രൂപ ടി.പി. അക്കൗണ്ടുകൾ നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി. 70 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 134 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി നൽകി. 111.27 കോടി രൂപ ഭരണ നവീകരണ പരിപാടികൾക്കുവേണ്ടി വിനിയോഗിച്ചു.

(ഡി) 250 മില്യൻ ഡോളർ കേന്ദ്ര സർക്കാർ വഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) 11-3-2003-ൽ ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം വിതരണം ചെയ്ത പ്രോഗ്രാം എഗ്രിമെന്റിലും ലോൺ എഗ്രിമെന്റിലും ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്.

(ജി) കരാർ അനുസരിച്ച് വായ്പത്തുക ചെലവഴിക്കേണ്ട ഇനങ്ങൾ കരാറിന്റെ അനുബന്ധം 7-ൽ കൊടുത്തിട്ടുണ്ട്. ഇതിന്റെ കോപ്പി † അനുബന്ധമായി കൊടുത്തിരിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly